## ഹദീസ്

പി.പി അബ്ദുല്ലത്വീഫ്

# സന്താനങ്ങളെ വളർത്തുമ്പോൾ

وَعَنْ أَبِي هُرَيْرَةَ رضى الله عنه قَالَ: قَالَ رَسُولُ اَللَّهِ صلى الله عليه وسلم:
مَا مِنْ مَوْلُودٍ إِلاَّ يُولَدُ عَلَى الْفِطْرَةِ، فَأَبَوَاهُ يُهَوِّدَانِهِ، وَيُنَصِّرَانِهِ، وَيُمَجِّسَانِهِ، كَمَا تُنْتَجُ الْبَهِيمَةُ بَهِيمَةً جَمْعَاءَ، هَلْ تُحِسُّونَ فِيهَا مِنْ جَدْعَاءَ؟ ثُمَّ يَقُولُ أَبُو هُرَيْرَةَ : وَاقْرَءُوا إِنْ شِئْتُمْ: فِطْرَةَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا لاَ تَبْدِيلَ لِخَلْقِ الله سُورة الروم آية 30 (البخاري، مسلم).

**അബൂഹുറൈറ(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: ഒരു കുഞ്ഞും ശുദ്ധപ്രകൃതിയിലല്ലാതെ ജനിക്കുന്നില്ല. അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനോ ക്രിസ്ത്യാനിയോ അഗ്നിയാരാധകനോ ആക്കുന്നത്. മൃഗങ്ങൾ പൂർണാവയവങ്ങളുള്ള മൃഗങ്ങളെ പ്രസവിക്കുന്നതു പോലെ. ചെവിയോ മൂക്കോ മുറിക്കപ്പെട്ടവയായി അവ ജനിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ?. പിന്നെ അബൂ ഹുറൈറ പറയുന്നു: നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ 'അല്ലാഹു മനുഷ്യരെ പടച്ചത് ഏതൊരു പ്രകൃതിയിലൂന്നിയാണോ ആ പ്രകൃതി' എന്ന സൂക്തം പാരായണം ചെയ്യുക (ബുഖാരി, മുസ്‌ലിം).**

സന്താനങ്ങളെ വളർത്തുന്നതിൽ മാതാപിതാക്കൾക്കുള്ള വലിയ ഉത്തരവാദിത്തത്തെ സൂചിപ്പിക്കുന്നുണ്ട് ഈ ഹദീസ്. എല്ലാ ജീവജാലങ്ങളെപ്പോലെ മനുഷ്യരും ശുദ്ധമായ പ്രകൃതിയിലാണ് സൃഷ്ടിക്കപ്പെട്ടത്. എന്നിട്ടും ചില മനുഷ്യർ പ്രകൃതിവിരുദ്ധമായ ആശയങ്ങളും ജീവിതചിട്ടകളും ചര്യകളും തെരഞ്ഞെടുക്കാൻ കാരണം അവർ വളർന്നുവന്ന സാഹചര്യങ്ങളാണ്. തെളിമയാർന്ന പ്രകൃതിയിൽ മാത്രം ജീവിക്കാൻ ഒരാൾക്ക് സാധിച്ചിരുന്നുവെങ്കിൽ തന്റെ സ്രഷ്ടാവിനെ മനസ്സിലാക്കാനും അവന്റെ പാത സ്വീകരിക്കാനും അയാൾക്ക് സാധിക്കുമായിരുന്നു. മനുഷ്യൻ അധർമത്തിന്റെ അടിമയായി തീരുന്നതിൽ അവന്റെ ജീവിത സാഹചര്യം വലിയൊരു നിമിത്തമായിത്തീരുകയാണ്.

ഒരു കുട്ടിയുടെ വ്യക്തിത്വവും സ്വഭാവവും കാഴ്ചപ്പാടും രൂപീകരിക്കപ്പെടുന്നത് അവന്റെ ജനനം മുതൽ ഏഴു വയസ്സുവരെയുള്ള കാലഘട്ടത്തിലാണെന്നാണ് പഠനങ്ങൾ പറയുന്നത്. ഏഴു മുതൽ തന്റെ വൈകാരികമായ പങ്കുവെക്കൽ ആരംഭിക്കും. ഏഴു വയസ്സുമുതൽ പന്ത്രണ്ട് വയസ്സുവരെയുള്ള കാലമാണ് അനുകരണത്തിന്റെ കാലം. താൻ കണ്ടതും അനുഭവിച്ചതും അന്ധമായി അനുകരിക്കും. മാതാപിതാക്കളാണ് അവരുടെ ഒന്നാമത്തെ അനുഭവം എന്നതിനാൽ ആദ്യപാഠം മാതാപിതാക്കളിൽനിന്നാണ്. അവരെയാണ് കുട്ടികൾ ആദ്യമായി അനുകരിക്കുകയും ചെയ്യുക. അതുപോലെ അധ്യാപകരെയും സമൂഹത്തെയും ജീവിത ചുറ്റുപാടുകളെയും ശരിതെറ്റുകൾ തിരിച്ചറിയാതെ കുട്ടി അനുകരിക്കും. പതിമൂന്നു വയസ്സുമുതൽ ഇരുപത്തി ഒന്ന് വയസ്സുവരെ സാമൂഹികവൽക്കരണത്തിന്റെ കാലം എന്നാണ് പറയാറുള്ളത്. താൻ ഇതുവരെ അറിഞ്ഞതും അനുഭവിച്ചതും പരിചയിച്ചതും പ്രാവർത്തികമാക്കാൻ പറ്റുന്ന കൂട്ടുകെട്ടുകളിലേക്ക് കുട്ടി എത്തുന്നത് ഈ കാലഘട്ടത്തിലാണ്.

സാധാരണ രക്ഷിതാക്കൾ പരാതിപ്പെടാറുണ്ട്, പത്തുപതിനഞ്ചു വയസ്സുവരെ ഞങ്ങളുടെ ശിക്ഷണത്തിൽ മാത്രമാണ് കുട്ടി വളർന്നത്; എന്നാൽ സ്കൂൾ കാലഘട്ടത്തിനു ശേഷം ഞങ്ങളുടെ നോട്ടം തെറ്റിയപ്പോഴാണ് കുട്ടി വഴിതെറ്റിയത് എന്ന്. എന്നാൽ കുട്ടിയുടെ വ്യക്തിത്വം രൂപീകരിക്കപ്പെടുന്ന ആദ്യഘട്ടമായ ഏഴു വയസ്സുവരെയും പിന്നെ ജീവിത സ്വഭാവങ്ങളെ അനുകരിക്കുന്ന ഏഴു മുതൽ പന്ത്രണ്ടു വയസ്സുവരെയും കുട്ടി മാതാപിതാക്കളുടെ അടുത്തായിരുന്നു

എന്ന സത്യം മറന്നുപോകുന്നു. ഇവിടെ രക്ഷിതാക്കൾ എന്ന നിലയിൽ കുട്ടിയുടെ വിശ്വാസവും സ്വഭാവവും പെരുമാറ്റവും രൂപപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. ഇവിടെ സംഭവിക്കാവുന്ന അലംഭാവവും അറിവില്ലായ്മയും കുട്ടിയുടെ വ്യക്തിത്വ രൂപീകരണത്തെയും ഭാവിയെയും ഗുരുതരമായി ബാധിക്കും. കുട്ടികളെ ഏഴു വയസ്സിനു മുന്നേ വിദ്യാഭ്യാസ സ്ഥാപനത്തിലോ മറ്റോ അയക്കുമ്പോൾ കുട്ടിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുക മാതാപിതാക്കളേക്കാൾ കുട്ടി അധികമായുണ്ടാകുന്ന അത്തരം ഇടങ്ങളായിരിക്കും.

ഏതു ദ്രവത്തെയും ഒപ്പിയെടുക്കുന്ന സ്പോഞ്ചു പോലെയുള്ള ഈ ചെറുപ്രായത്തിൽ മാതാപിതാക്കൾ എന്ത് നൽകുന്നു, എങ്ങനെ ശിക്ഷണം കൊടുക്കുന്നു എന്നത് വളരെ പ്രധാനമാണ്. പ്രപഞ്ചനാഥൻ അവനെ സൃഷ്ടിച്ച ശുദ്ധപ്രകൃതിയിൽ മാലിന്യം കലർത്തുന്ന തരത്തിലായിരിക്കരുത് മാതാപിതാക്കളുടെ ഇടപെടൽ. മറിച്ച് അല്ലാഹു അവനു നൽകിയിരിക്കുന്ന പ്രത്യേകമായ കഴിവുകളെ തിരിച്ചറിഞ്ഞ്, പ്രകൃതിക്കനുസരിച്ച് വളംകൊടുത്തു വളർത്തിയെടുത്ത് മൂർത്തമായ സംഭാവനകൾ അർപ്പിക്കുന്നവനായി അവനെ മാറ്റിയെടുക്കുകയും അങ്ങനെ അവന്റെ ജന്മനിയോഗം ബോധ്യപ്പെടുത്തുകയും അതിലൂടെ പാരത്രിക വിജയം കരസ്ഥമാക്കാൻ അവനെ കെൽപ്പുള്ളവനാക്കുകയുമാണ് മാതാപിതാക്കൾ ചെയ്യേണ്ടത്.

ജീവിത നിയോഗം തിരിച്ചറിയാതെ മനുഷ്യൻ മുന്നോട്ടു പോകുന്നതാണ് ലോകം അനുഭവിക്കുന്ന മഹാദുരന്തം. മനുഷ്യൻ ധർമാധർമങ്ങളെ മറന്ന് ഭൗതിക ലോകം വെട്ടിപ്പിടിക്കുമ്പോഴും ആത്മീയമായ വലിയൊരു ശൂന്യത അവനെ വേട്ടയാടുന്നുണ്ട്. തന്റെ ആത്മീയ ദാഹത്തെ തൃപ്തിപ്പെടുത്താൻ കഴിയാതാവുമ്പോൾ അവൻ പലവിധ മാനസിക ശാരീരിക സംഘർഷങ്ങൾക്കും രോഗത്തിനും അടിമപ്പെടുന്നു. മനുഷ്യന്റെ പ്രവർത്തന മേഖല ഏതുമായിരിക്കാം. അവിടെയെല്ലാം പ്രപഞ്ച സ്രഷ്ടാവിന്റെ നിയമങ്ങൾക്കു വിധേയമായി അവൻ സൃഷ്ടിച്ച പ്രകൃതിക്ക് കോട്ടം വരുത്താതെ തന്റെ ആത്മാവിനെ കാത്തു സൂക്ഷിച്ചവൻ വിജയിച്ചു. അങ്ങനെ കരുത്തനായ വ്യക്തിത്വമാക്കി വളർത്തിയെടുക്കേണ്ട ഉത്തരവാദിത്തം മാതാപിതാക്കൾക്കാണുള്ളത്. അതിൽ വീഴ്ച വരുത്തിയവൻ മറ്റാരെയും പഴിച്ചിട്ട് കാര്യമില്ല, അല്ലാഹുവിന്റെ മുന്നിൽ ഉത്തരം ബോധിപ്പിക്കുക തന്നെ ചെയ്യേണ്ടിവരും എന്ന താക്കീതും ഈ ഹദീസ് നൽകുന്നുണ്ട്.

'നിങ്ങളുടെ സമ്പത്തിലും നിങ്ങളുടെ സന്താനങ്ങളിലും നിങ്ങൾക്ക് പരീക്ഷണമുണ്ട്' എന്നും 'നിങ്ങളുടെ ഇണകളിലും നിങ്ങളുടെ സന്താനങ്ങളിലും നിങ്ങളുടെ ശത്രുക്കളുണ്ട്' എന്നും ഖുർആൻ വിശ്വാസികളെ ഓർമപ്പെടുത്തുന്നു.

മാനവ ചരിത്രത്തിൽ വലിയ സംഭാവനകൾ അർപ്പിച്ച വ്യക്തിത്വങ്ങളെ വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച മാതാപിതാക്കളെ നമുക്ക് കണ്ടെത്താം. ഇമാം മാലികിനെപ്പോലുള്ള നിരവധി പണ്ഡിതന്മാരുടെ ഗുരുനാഥനായ മദീനയിലെ റബീഅതു ബ്നു ഫർറൂഖിനെ ഇസ്‌ലാമിക ലോകത്തിനു സമ്മാനിച്ചത് ഒരു മാതാവിന്റെ ക്ഷമയും നിശ്ചയദാർഢ്യവുമായിരുന്നു. ആധുനിക ചരിത്രത്തിലും അത്തരം മഹതികളെ നമുക്ക് വായിക്കാനാകും.

ഇമാം അഹ്മദ് നിവേദനം ചെയ്ത ഹദീസിൽ തിരുമേനിയുടെ ഒരു പ്രവചനമുണ്ടായിരുന്നു: 'കോൺസ്റ്റാന്റിനോപ്പിൾ ജയിച്ചടക്കപ്പെടുക തന്നെ ചെയ്യും. അതിന്റെ അമീർ എത്ര നല്ല അമീർ, ആ പട്ടാളം എത്ര നല്ല പട്ടാളം.' ഉസ്മാനി ഖലീഫയായിരുന്ന മുറാദ് രണ്ടാമന് ഒരു ആൺകുട്ടി ജനിച്ചപ്പോൾ അദ്ദേഹം കരുതി, ഈ പ്രവചിക്കപ്പെട്ട വ്യക്തിയായിരിക്കണം തന്റെ മകൻ എന്ന്. കുഞ്ഞിന് മുഹമ്മദെന്ന് പേരിട്ടു. ചെറുപ്രായത്തിലേ ഭാവിയിലേക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. അവൻ ഖുർആൻ ഹൃദിസ്ഥമാക്കി, ഏറ്റവും നല്ല വിജ്ഞാനങ്ങൾ കരസ്ഥമാക്കി. യുദ്ധപാടവവും ഭരണപാടവവും കൈവരിച്ചു. കഴിഞ്ഞ കാലങ്ങളിലുള്ളവർക്ക് എന്തുകൊണ്ട് കോൺസ്റ്റാന്റിനോപ്പിൾ ജയിച്ചടക്കാനായില്ല എന്നതിന്റെ കാരണങ്ങൾ മനസ്സിലാക്കി. തന്റെ ഇരുപത്തൊന്നാമത്തെ വയസ്സിൽ മുഹമ്മദ് അൽ ഫാതിഹ് എന്ന ആ യുഗപുരുഷൻ കോൺസ്റ്റാന്റിനോപ്പിൾ ജയിച്ചടക്കി. തങ്ങളുടെ മക്കൾ എന്തായിരിക്കണമെന്ന മാതാപിതാക്കളുടെ കണക്കുകൂട്ടൽ കൃത്യമായ ആസൂത്രണമുണ്ടെങ്കിൽ സഫലമാകും എന്ന സന്ദേശമാണ് ഇത്തരം ചരിത്രപാഠങ്ങൾ നൽകുന്നത്.

അധാർമികതയും അരാജകത്വവും അശ്ലീലവും നിറഞ്ഞാടുന്ന ചുറ്റുപാടിൽ ജീവിക്കേണ്ടിവരുന്ന കുട്ടികളെ രക്ഷിതാക്കൾ വ്യക്തമായ ലക്ഷ്യബോധത്തോടെയും സൂക്ഷ്മതയോടെയും വളർത്തിയില്ലെങ്കിൽ അവരുടെ വിശ്വാസവും ജീവിത വീക്ഷണവുമൊക്കെ ചുറ്റുപാടിന്റേതായിരിക്കും എന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനാൽ രക്ഷിതാക്കളായിരിക്കട്ടെ കുട്ടികളുടെ ഒന്നാമത്തെ മാതൃകയും പ്രചോദനവും.

●